**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1831** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഒ. രാജഗോപാൽ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് സമാന്തരമായി കെ-സ്വിഫ്റ്റ് എന്ന ഒരു കമ്പനി രൂപീകരിയ്ക്കുവാൻ സർക്കാർ ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) | 310 CNG ബസുകളും, 50 ഇലക്ട്രിക് ബസുകളും വാങ്ങുന്നതിനും, 400 ഡീസൽ ബസുകളെ LNG ആയി പരിവർത്തനം ചെയ്യുന്നതിനുമായി 359 കോടി രൂപ നിബന്ധനകളോടെ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്താൽ പുതുതായി നിരത്തിലിറക്കുന്ന ബസുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു Special Purpose Vehicle (SPV) രൂപീകരിക്കണം എന്നതാണ് കിഫ്ബിയുടെ ഒരു പ്രധാന നിബന്ധന. ഇപ്രകാരം രൂപീകരിവാൻ നിശ്ചയിച്ചിരിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി. "കെ.എസ്.ആർ.റ്റി.സി സ്വിഫ്റ്റ്" എന്ന നാമത്തിൽ കമ്പനി രൂപീകരിക്കുക എന്ന ആശയം ഇപ്പോൾ പരിഗണനയിലുണ്ട്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന SPV മുഖാന്തിരം ദീർഘദൂര ബസുകൾ ഫലപ്രദമായി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് പരിശ്രമിക്കുന്നത്. ഇത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഈ കമ്പനി രൂപീകരിക്കുന്നത് 10 വർഷക്കാലത്തേയ്ക്ക് മാത്രമാണ്. അതിനുശേഷം ഈ കമ്പനി wind up ചെയ്യുന്നതായിരിക്കും. |
| (ബി) | കെ.എസ്.ആർ.ടി.സി.യെയും നിലവിലെ തൊഴിലാളികളെയും ഇത് എങ്ങനെ ബാധിയ്ക്കും എന്ന് പഠിച്ചിട്ടുണ്ടോ; | (ബി) | കിഫ്ബിയുടെ നിബന്ധന പാലിക്കുന്നതിനും അതോടൊപ്പം കെ.എസ്.ആർ.ടി.സി.യുടെയും അത് മുഖേന കെ.എസ്.ആർ.ടി.സി ജീവനക്കാരെയും താല്പര്യം സംരക്ഷിക്കുന്നതിന് കൂടിയാണ് കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | തൊളിലാളികളുടെ ആശങ്ക അകറ്റുവാൻ നടപടി സ്വീകരിയ്ക്കുമോ? | (സി) | അംഗീകൃത തൊഴിലാളി യൂണിയനുകളുമായി കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ അധ്യക്ഷതയിൽ നടത്തിയ യോഗത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും ഉദ്ദേശലക്ഷ്യങ്ങൾ സ്പഷ്ടീകരിച്ചിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | യൂണിയനുകളുടെ അഭിപ്രായം അറിയുന്നതിനായി യൂണിയനുകളുടെ യോഗം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വീണ്ടും വിളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ